# "വചനം പ്രസംഗിക്കുക;
## സാഹചര്യങ്ങൾ അനുകൂലമാണെങ്കിലും അല്ലെങ്കിലും ജാഗരൂകതയോടെ വർത്തിക്കുക." (2 തിമോ. 4:2)

**വിചിന്തനം:**

"വിശ്വാസം ഒരു സിദ്ധാന്തമോ, തത്വശാസ്ത്രമോ, ആശയമോ അല്ല; അത് ഒരു കണ്ടുമുട്ടലാണ്, യേശുവിനെ കണ്ടുമുട്ടൽ!' (ബനഡിക്ട് പതിനാറാമൻ പാപ്പ). ഈ കണ്ടുമുട്ടൽ വിശുദ്ധ പൗലോസിന്റേതുപോലെ തീവ്രവും ശക്തവുമോ, സമരിയാക്കാരിയുടേതുപോലെ ശാന്തവും ആത്മാവിൽ തുളച്ചു കയറുന്നതോ ആയാലും അതിന്റെ ഫലം എപ്പോഴും ഒരു രൂപാന്തരീകരണത്തിനു തിരി കൊളുത്തുന്നതായിരിക്കും. ഈ കണ്ടുമുട്ടൽ "നമ്മെ നമ്മിൽ നിന്ന് പുറത്തു കൊണ്ടുവരുന്നു, ഉയർത്തുന്നു, ദൈവത്തിന്റെ സ്നേഹംകൊണ്ടും സൗന്ദര്യംകൊണ്ടും വിസ്മയിപ്പിക്കുന്നു'' (ക്രിസ്തു ജീവിക്കുന്നു- ഫ്രാൻസിസ് പാപ്പ). മുമ്പ് താൻ ആരെ അകറ്റിനിർത്തിയിരുന്നോ, അതേ ഗ്രാമവാസികളുടെ അടുത്തേയ്ക്ക് ഉൾപ്രേരണയോടെ കടന്നു ചെല്ലുന്ന സമരിയാക്കാരിയുടെ സ്വാഭാവിക പ്രതികരണം കണ്ടുമുട്ടൽ അനുഭവം അവളിൽ ഉളവാക്കിയ മാറ്റം നമുക്ക് വെളിപ്പെടുത്തി തരുന്നു. ഒരു ഗ്രാമം മുഴുവനേയും യേശുവുമായുള്ള കണ്ടുമുട്ടലിലേയ്ക്ക് നയിച്ച അവളുടെ എളിയ പ്രഘോഷണം ഉളവാക്കിയ ഫലം, ദൈവകരുണയാൽ ചുംബിതമായ ഒരു ഹൃദയത്തിൽ നിന്ന് പുറപ്പെടുന്ന സുവിശേഷവത്കരണത്തിന്റെ ശക്തിയും സാധ്യതയും വെളിവാക്കുന്നു.

"നീതിമാന്മാരുടെ അധരം ജീവന്റെ ഉറവയാണ്.'' (സുഭാ. 10:11) ഉത്ഥിതനായ ക്രിസ്തുവുമായുള്ള തങ്ങളുടെ കണ്ടുമുട്ടലനുഭവങ്ങൾ അപ്പസ്തോലന്മാർ വിവരിച്ചു; അതു ജീവനും ആനന്ദവും പകരുന്ന ഉറവ കണക്കെ ശ്രോതാക്കളെ ഉന്മേഷഭരിതരാക്കുകയും പരിപോഷിപ്പിക്കുകയും ചെയ്തു. ബൈബിളിൽ ഒരു വ്യക്തിയോടു സുവിശേഷം പ്രഘോഷിക്കുന്നതിന്റെ ഏറ്റവും മികച്ച ഉദാഹരണങ്ങളിൽ ഒന്ന് എത്യോപ്യക്കാരനോടുള്ള പീലിപ്പോസിന്റെ പ്രഘോഷണമാണ്. യേശു ദൈവപുത്രനാണെന്നും രക്ഷ അവനിലൂടെയാണ് കൈവരുന്നതെന്നും വിശദമാക്കാൻ പീലിപ്പോസ് എത്യോപ്യക്കാരൻ വായിച്ചുകൊണ്ടിരുന്ന ഏശയ്യ പ്രവചനം തന്നെ ഉപയോഗിക്കുന്നു (അ.പ്ര. 8:35), മറ്റൊരു ശക്തമായ സംഭവം പൗലോസിനും ജയിലധികാരിക്കുമിടയിലുള്ളതാണ്. അടിസ്ഥാന സുവിശേഷസന്ദേശം പ്രഘോഷിക്കുവാനും ജയിലധികാരിയെ രക്ഷയിലേക്കു നയിക്കാനുംവേണ്ടി പൗലോസ് ദൈവത്തിന്റെ ശക്തിയുടെ അസാധാരണ വെളിപ്പെടുത്തലിനെ ചൂഴ്ന്നു നില്ക്കുന്ന സാഹചര്യങ്ങൾ ഉപയോഗിച്ചു (വായന: അ.പ്ര. 16:31–33). പരിശുദ്ധാത്മാവിനാൽ ധീരരാക്കപ്പെട്ട ക്രിസ്തുശിഷ്യർ, തങ്ങളുടെ സുഹൃത്തുക്കൾ, ശത്രുക്കൾ, ഭരണാധികാരികൾ, അടിമകൾ, സമ്പന്നർ, ദരിദ്രർ തുടങ്ങിയവരുടെ മുമ്പാകെ, എവിടെയും, എപ്പോഴും, പീഡനങ്ങളുടെയും മരണത്തിന്റെയും നിഴലിൽപോലും നിർഭയം സാക്ഷ്യമേകി. സ്നേഹത്തിൽ നിന്നുയിർക്കൊള്ളുന്ന ആത്മാവിന്റെ നിറവുള്ള ഇത്തരം പ്രഘോഷണം തുറവിയുള്ള ശ്രോതാക്കളുടെ ഹൃദയത്തിൽ യഥാർത്ഥ കണ്ടുമുട്ടൽ അനുഭവം ഉളവാക്കുന്നു. "കാരണം, കണ്ണിൽനിന്നു ഹൃദയത്തിലേക്ക് ബുദ്ധിയിലൂടെയല്ലാതെ ഒരു വഴിയുണ്ട്'' (ജി.കെ. ചെസ്റ്റർറ്റൺ).

പ്രഘോഷണമാണ് സുവിശേഷവല്കരണത്തിന്റെ അടിത്തറയും കേന്ദ്രവും ഉച്ചകോടിയുമെന്ന് തിരുസഭ പഠിപ്പിക്കുന്നു (ഇവാഞ്ചലി നുൺഷിയാന്റി ,27) അത് താത്കാലികമോ നിയത കാലങ്ങളിലോ നിർവ്വഹിക്കുന്നതിനു വേണ്ടിയല്ല നാം വിളിക്കപ്പെട്ടിരിക്കുന്നത്. എല്ലാവരും രക്ഷിക്കപ്പെടണമെന്നും സത്യം അറിയണമെന്നും ആഗ്രഹിക്കുന്ന ദൈവത്തിന്റെ ഹൃദയത്തോടു ചേർന്നു നിൽക്കുന്നതാണത് (1 തിമോ. 2:4). എന്നാൽ, "ഒരിക്കലും കേട്ടിട്ടില്ലാത്തവനിൽ എങ്ങനെ വിശ്വസിക്കും? പ്രസംഗകനില്ലാതെ എങ്ങനെ കേൾക്കും?'' (റോമ. 10:14). "ദൈവത്തെയും മനുഷ്യനെയും സംബന്ധിച്ചും പാപത്തിൽനിന്നും മരണത്തിൽനിന്നും നാം എങ്ങനെ മോചിതരാകും എന്നതിനെകുറിച്ചുള്ള സത്യം അറിയാനാവുമെന്ന് ഒരു പ്രതീക്ഷ, ബോധപൂർവ്വമല്ലെങ്കിൽപോലും വ്യക്തികളിലും ജനതകളിലും പരിശുദ്ധാത്മാവിന്റെ പ്രവർത്തനംവഴി അന്തർലീനമായുണ്ട്. ഈ പ്രതീക്ഷയെ ആധാരമാക്കി ക്രിസ്തുവിനെ പ്രഘോഷിക്കുന്നതിലാണ് ഒരു പ്രേഷിതന്റെ ഉത്സാഹം അടങ്ങിയിരിക്കുന്നത് ' (സുവിശേഷത്തിന്റെ ആനന്ദം 265). ഏതു സാഹചര്യത്തിലും സുവിശേഷം പ്രഘോഷിക്കുക എന്നതിന്റെ അർത്ഥം, പ്രയാസങ്ങളെയും പരാജയങ്ങളെയും കൂട്ടാക്കാതെ നടത്തുന്ന ആത്മാർത്ഥവും നിരന്തരവുമായ വചനപ്രഘോഷണം വഴി ശ്രോതാക്കൾക്ക് രക്ഷ ലഭിക്കുകയും അവരുടെ ആഴമേറിയ ഹൃദയാഭിലാഷങ്ങളും ഉത്ക്കണ്ഠകളും പരിഹരിക്കപ്പെടുകയും ചെയ്യുമെന്ന് വിശ്വസിക്കുന്നതാണ്.

നൂറു വർഷങ്ങൾക്കുശേഷം വിലമതിക്കപ്പെടുന്ന എന്തു കാര്യമാകും നിങ്ങൾ ഇന്നു ചെയ്യുക? നിങ്ങളോ ഞാനോ അന്ന് ജീവിച്ചിരിപ്പുണ്ടാവുകയില്ല. നിങ്ങൾ വസിച്ചിരുന്ന ഭവനമോ, ഉപയോഗിച്ച കാറോ, ഏതാണെന്നതിന് അന്ന് യാതൊരു പ്രസക്തിയുമില്ല. എന്നാൽ, ഈ ജീവിതത്തിൽ നിങ്ങൾ ദൈവത്തിലേക്ക് കൂട്ടിക്കൊണ്ടുവരുന്ന ആത്മാക്കൾക്ക് ഏറെ വിലയുണ്ട്. (ടെറി ബാർബർ എങ്ങിനെ നിങ്ങളുടെ വിശ്വാസം ആരുമായും പങ്കുവയ്ക്കാം? 77) നിങ്ങൾക്കു മാത്രം ക്രിസ്തുവിനെ പങ്കുവയ്ക്കാവുന്ന കുറച്ച് ആളുകൾ ഈ ലോകത്തിലുണ്ട്. നാഥന്റെ വിളി സ്വീകരിച്ച് നിങ്ങളുടെ പ്രഘോഷണം അവരിൽ നിന്നു തുടങ്ങാമോ? ക്രിസ്തുവിന്റെ സ്നേഹം നിങ്ങളെ പ്രചോദിപ്പിക്കട്ടെ, സ്നേഹം അതിന് ഒരു വഴി കണ്ടെത്തും. ഒരിക്കലും പിന്തിരിയുകയുമില്ല.

**വിശുദ്ധയുടെ മൊഴി :**

''സത്യം പ്രഘോഷിക്കുക, ഭയത്താൽ മൗനം പാലിക്കരുത്''.

-സിയന്നയിലെ വിശുദ്ധ കാതറിൻ